**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5533** **13-08-2021 - ൽ മറുപടിയ്ക്ക്**

**പാർടൈം അമ്പലങ്ങൾ പുനർവിന്യാസത്തിലൂടെ ഫുൾടൈം ആക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ ദേവസ്വങ്ങളിലാണ് ഒരു നേരം മാത്രം പ്രവർത്തിക്കുന്ന പാർടൈം അമ്പലങ്ങൾ നിലവിലുള്ളത്; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനും മലബാർ ദേവസ്വം ബോർഡിനും കീഴിൽ ദിവസം ഒരു നേരം മാത്രം പ്രവർത്തിക്കുന്ന പാർടൈം ക്ഷേത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പാർടൈം അമ്പലങ്ങൾ പുനർവിന്യാസത്തിലൂടെ ഫുൾടൈം ആക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ദേവസ്വം പതിവിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പുനർവിന്യാസ കമ്മിറ്റിയുടെ തീരുമാന പ്രകാരം പാർടൈം ക്ഷേത്രങ്ങൾ ഫുൾടൈം ആക്കുകയും ഫുൾടൈം ക്ഷേത്രങ്ങൾ പാർടൈം ആക്കുകയും ചെയ്യുന്ന നടപടി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടന്നുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ, ദിവസം ഒരു നേരം മാത്രം പൂജയുള്ള ക്ഷേത്രങ്ങളും ആഴ്ചയിലോ മാസത്തിലോ ഒരിക്കൽ മാത്രം പൂജയുള്ള ക്ഷേത്രങ്ങളും ചില വിശേഷ ദിവസങ്ങളിൽ മാത്രം പൂജയുള്ള ക്ഷേത്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഓരോ പ്രദേശത്തെയും ആചാരാനുഷ്ഠാനങ്ങളുടെയും മറ്റും ഭാഗമായി പ്രത്യേക പൂജാ സമ്പ്രദായങ്ങളും പൂജാ സമയങ്ങളും നിശ്ചയിക്കപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങളാണ് ഇവയിൽ പലതും. ക്ഷേത്രം തന്ത്രിമാർ നിശ്ചയിക്കുന്ന പ്രകാരവും ക്ഷേത്രത്തിലെ ഡിറ്റം പ്രകാരവുമാണ് പൂജാ സമയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇത്തരം ക്ഷേത്രങ്ങൾ ദിവസവും രണ്ട് നേരം പൂജയുള്ള ഫുൾടൈം ക്ഷേത്രങ്ങളാക്കുന്നതിനുള്ള നടപടികളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ അതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കാമോ? | (സി) | ദേവസ്വം പതിവിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പുനർവിന്യാസ കമ്മിറ്റിയുടെ തീരുമാന പ്രകാരം പാർടൈം ക്ഷേത്രങ്ങൾ ഫുൾടൈം ആക്കുകയും ഫുൾടൈം ക്ഷേത്രങ്ങൾ പാർടൈം ആക്കുകയും ചെയ്യുന്ന നടപടി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടന്നുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ, ദിവസം ഒരു നേരം |

| | | | |
|---|---|---|---|
| | | | മാത്രം പൂജയുള്ള ക്ഷേത്രങ്ങളും ആഴ്ചയിലോ മാസത്തിലോ ഒരിക്കൽ മാത്രം പൂജയുള്ള ക്ഷേത്രങ്ങളും ചില വിശേഷ ദിവസങ്ങളിൽ മാത്രം പൂജയുള്ള ക്ഷേത്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഓരോ പ്രദേശത്തെയും ആചാരാനുഷ്ഠാനങ്ങളുടെയും മറ്റും ഭാഗമായി പ്രത്യേക പൂജാ സമ്പ്രദായങ്ങളും പൂജാ സമയങ്ങളും നിശ്ചയിക്കപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങളാണ് ഇവയിൽ പലതും. ക്ഷേത്രം തന്ത്രിമാർ നിശ്ചയിക്കുന്ന പ്രകാരവും ക്ഷേത്രത്തിലെ ഡിറ്റം പ്രകാരവുമാണ് പൂജാ സമയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇത്തരം ക്ഷേത്രങ്ങൾ ദിവസവും രണ്ട് നേരം പൂജയുള്ള ഫുൾടൈം ക്ഷേത്രങ്ങളാക്കുന്നതിനുള്ള നടപടികളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ